ഉത്തരം

(എ) ദേവസ്വംബോർഡുകളിൽ ആശ്രിതർക്ക് ജോലിനൽകുന്ന പദ്ധതിയനുസരിച്ച് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വംബോർഡിൽ ക്ലാർക്ക്/സബ്ഗ്രൂപ്പാഫീസർ തസ്തികയിൽ ആശ്രിത നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ 49 പേരും പ്യൂൺ/ക്ഷേത്ര ജീവനക്കാർ തസ്തികയിൽ നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ 4 പേരും ഉണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ അപേക്ഷകളൊന്നും നിലവിലില്ല.

(സി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലിനൽകുന്ന പദ്ധതി 1986 ജൂലൈയിലാണ് ആവിഷ്കരിച്ചു നടപ്പിലാക്കിയത്. അതേത്തുടർന്ന് തയ്യാറാക്കിയ 91 പേരുടെ ലിസ്റ്റിൽ ക്ളറിക്കൽ വിഭാഗത്തിൽ നിയമനത്തിനായി ഇനി 15 പേരും തുടർന്ന് 1993-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ക്ളറിക്കൽ വിഭാഗത്തിൽ നിയമനത്തിനായി 34 പേരും അവശേഷിക്കുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

72 (1521) ശ്രീ. ടി.പി. ഗോപിനാഥന് സ്ഥലം തിരിച്ചു നൽകുന്നതിന് നടപടി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ. 1148/74-ാം നമ്പർ കേസിലെ വിധിപ്രകാരം ശ്രീ. ടി.പി. ഗോപിനാഥൻ, തെക്കേപ്പാട്ട് ഹൗസ്, ഷൊർണ്ണൂർ, പാലക്കാട് എന്നയാൾക്ക് സ്ഥലം തിരിച്ചു നൽകിയോ;

(ബി) ഇല്ലെങ്കിൽ സ്ഥലം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബ) ഈ കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

73 (1522) ഷൊർണ്ണൂർ മംഗലാപുരം റെയിൽപ്പാത

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മംഗലാപുരം റെയിൽപ്പാത ഇരട്ടിപ്പിക്കുന്ന ജോലിയുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തു നൽകിയോ;

(സി) ഇനി എത്ര ഭൂമി അക്വയർ ചെയ്തു കൊടുക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പാതയിൽ - ആവശ്യമായ പാലങ്ങളുടെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്ഥലമെടുപ്പുസംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി)&(സി) ആവശ്യമായ സ്ഥലം പൂർണ്ണമായും അക്വയർ ചെയ്ത് നൽകിയിട്ടില്ല.

(ഡി) ആവശ്യമായ പാലങ്ങളുടെ പണി ധൃതഗതിയിൽ നടന്നു വരുന്നു.

74 (1523) സംസ്ഥാനത്ത് റെയിൽവേ സോൺ അനുവദിക്കാൻ നടപടി

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു റെയിൽവേ സോൺ അനുവദിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് ഏറ്റവും ഒടുവിൽ നടന്ന സംസ്ഥാന എം.പി. മാരുടെ യോഗത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) എം.പി. മാരുടെ യോഗത്തിൽ റെയിൽവേ സോൺ സംബന്ധിച്ച ചർച്ചകളൊന്നും തന്നെ ഉണ്ടായിട്ടില്ല.

75 (1524) തീരദേശ പരിസ്ഥിതി സംരക്ഷണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തീരദേശ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏതെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നത്;

(ബി) പ്രസ്തുത പരിപാടിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഡിവിഷനിൽ തീരദേശ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി കണ്ടൽ വനം വച്ചുപിടിപ്പിച്ചിട്ടുണ്ട്. അതുപോലെ ദളാവി ചാല

LIBRARY ARCHIVES Kerala Legislative Assembly